എ.വൈ.ആർ

സൂറ-12

# യൂസുഫ്

وَلَمَّا فَتَحُوا۟ مَتَـٰعَهُمْ وَجَدُوا۟ بِضَـٰعَتَهُمْ رُدَّتْ إِلَيْهِمْ ۖ قَالُوا۟ يَـٰٓأَبَانَا مَا نَبْغِى ۖ هَـٰذِهِۦ بِضَـٰعَتُنَا رُدَّتْ إِلَيْنَا ۖ وَنَمِيرُ أَهْلَنَا وَنَحْفَظُ أَخَانَا وَنَزْدَادُ كَيْلَ بَعِيرٍ ۖ ذَٰلِكَ كَيْلٌ يَسِيرٌ ﴿٦٥﴾

**65** ഭാണ്ഡം തുറന്നപ്പോൾ തങ്ങൾ കൊടുത്ത വില തിരിച്ചയക്കപ്പെട്ടത് കണ്ട് അവർ വിളിച്ചു പറഞ്ഞു: പിതാവേ, നോക്കുക! നമുക്കിനിയെന്തുവേണം!! ധാന്യത്തിനു നമ്മൾ കൊടുത്ത വില ഇതാ തിരിച്ചുകിട്ടിയിരിക്കുന്നു. ഞങ്ങൾ വീണ്ടും പോയി കുടുംബത്തിനുവേണ്ട ധാന്യം വാങ്ങാം. സഹോദരനെ സംരക്ഷിക്കുകയും ചെയ്യാം. നമുക്ക് ഒരൊട്ടകച്ചുമട് ധാന്യം കൂടുതലും നേടാമല്ലോ. അത്രയും നേടുക എളുപ്പമാകുന്നു.

قَالَ لَنْ أُرْسِلَهُۥ مَعَكُمْ حَتَّىٰ تُؤْتُونِ مَوْثِقًا مِّنَ ٱللَّهِ لَتَأْتُنَّنِى بِهِۦٓ إِلَّآ أَن يُحَاطَ بِكُمْ ۖ فَلَمَّآ ءَاتَوْهُ مَوْثِقَهُمْ قَالَ ٱللَّهُ عَلَىٰ مَا نَقُولُ وَكِيلٌ ﴿٦٦﴾

**66** യഅ്ഖൂബ് പറഞ്ഞു: ഞാനവനെ നിങ്ങളോടൊപ്പം അയക്കുകയില്ല; നിങ്ങൾക്കാർക്കും രക്ഷപ്പെടാനാവാത്ത വല്ല വിപത്തിലും അകപ്പെട്ടില്ലെങ്കിൽ അവനെ എന്റെയടുക്കൽ തിരിച്ചെത്തിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹുവിന്റെ പേരിൽ ഉറപ്പു തന്നാലല്ലാതെ. അവർ ആ ഉറപ്പു നൽകിയപ്പോൾ അദ്ദേഹം ഓർമിപ്പിച്ചു, നമ്മൾ ഈ പറയുന്നതിന് അല്ലാഹു സാക്ഷിയാകുന്നു.

وَقَالَ يَـٰبَنِىَّ لَا تَدْخُلُوا۟ مِنۢ بَابٍ وَٰحِدٍ وَٱدْخُلُوا۟ مِنْ أَبْوَٰبٍ مُّتَفَرِّقَةٍ ۖ وَمَآ أُغْنِى عَنكُم مِّنَ ٱللَّهِ مِن شَىْءٍ ۖ إِنِ ٱلْحُكْمُ إِلَّا لِلَّهِ ۖ عَلَيْهِ تَوَكَّلْتُ ۖ وَعَلَيْهِ فَلْيَتَوَكَّلِ ٱلْمُتَوَكِّلُونَ ﴿٦٧﴾

**67** അനന്തരം അദ്ദേഹം ഉപദേശിച്ചു; മക്കളേ, നിങ്ങളെല്ലാവരും ഒരേ കവാടത്തിലൂടെ ആ നഗരത്തിൽ പ്രവേശിക്കരുത്. ഓരോരുത്തരും വ്യത്യസ്ത കവാടങ്ങളിലൂടെ പ്രവേശിച്ചുകൊള്ളുക. എന്നാൽ അല്ലാഹുവിന്റെ വിധിയിൽനിന്ന് നിങ്ങളെ രക്ഷിക്കാൻ എനിക്കൊട്ടും കഴിയുന്നതല്ല. വിധികർതൃത്വം അല്ലാഹുവിന്നു മാത്രമുള്ളതാണല്ലോ. ഞാൻ സർവതും അവനിൽ ഭരമേൽപിച്ചിരിക്കുന്നു. ഭരമേൽപിക്കേണ്ടവർ അവനിൽ തന്നെ ഭരമേൽപിച്ചുകൊള്ളട്ടെ.

وَلَمَّا دَخَلُوا۟ مِنْ حَيْثُ أَمَرَهُمْ أَبُوهُم مَّا كَانَ يُغْنِى عَنْهُم مِّنَ ٱللَّهِ مِن شَىْءٍ إِلَّا حَاجَةً فِى نَفْسِ يَعْقُوبَ قَضَىٰهَا ۚ وَإِنَّهُۥ لَذُو عِلْمٍ لِّمَا عَلَّمْنَـٰهُ وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٦٨﴾

**68** പിതാവിന്റെ ഉപദേശ പ്രകാരം പല കവാടങ്ങളിലൂടെ നഗരത്തിൽ പ്രവേശിച്ചപ്പോൾ അല്ലാഹുവിന്റെ വിധിക്കെതിരെ ആ ഉപദേശം അവർക്ക് ഒരു ഗുണവും ചെയ്തില്ല. യഅ്ഖൂബിന്റെ മനസ്സിലുണർന്ന ഒരാശയം അദ്ദേഹം നടപ്പിലാക്കിയെന്നു മാത്രം. അദ്ദേഹം, നാം പഠിപ്പിച്ചുകൊടുത്തിട്ടുള്ളതിനാൽ അറിവുടയവൻ തന്നെയായിരുന്നു. (എന്നാൽ) അധികജനവും അറിവില്ലാത്തവരാകുന്നു.

وَلَمَّا فَتَحُوا۟= അവർ തുറന്നപ്പോൾ مَتَـٰعَهُمْ= അവരുടെ ചരക്ക്(ഭാണ്ഡം) وَجَدُوا۟= അവർ കണ്ടു

بِضَـٰعَتَهُمْ= അവരുടെ ചരക്ക്(തങ്ങൾ കൊടുത്ത വില) رُدَّتْ= മടക്കപ്പെട്ടു (തിരിച്ചയക്കപ്പെട്ടത്) إِلَيْهِمْ ۖ= അവരിലേക്ക്

قَالُوا۟ = അവർ (വിളിച്ചു) പറഞ്ഞു يَـٰٓأَبَانَا= ഞങ്ങളുടെ പിതാവേ مَا نَبْغِى ۖ= (നമുക്ക് ഇനിയെന്തുവേണം) നാം ആഗ്രഹിക്കുന്നതെന്ത്

هَـٰذِهِۦ= (താ)ഇത് بِضَـٰعَتُنَا= (നമ്മൾ കൊടുത്ത വില ധാന്യത്തിന്)നമ്മുടെ ചരക്ക്

رُدَّتْ إِلَيْنَا= നമ്മിലേക്ക് മടക്കപ്പെട്ടു (നമുക്ക് തിരിച്ചു കിട്ടിയിരിക്കുന്നു) وَنَمِيرُ= ധാന്യം വാങ്ങാം (വീണ്ടും പോയി)ഞങ്ങൾ

أَهْلَنَا= നമ്മുടെ കുടുംബത്തിന് وَنَحْفَظُ أَخَانَا= ഞങ്ങളുടെ സഹോദരനെ സംരക്ഷിക്കുകയും ചെയ്യാം

وَنَزْدَادُ= (കൂടുതലും നേടാമല്ലോ)ഞങ്ങൾ വർധിപ്പിക്കും كَيْلَ بَعِيرٍ ۖ= (ഒട്ടകച്ചുമട്) ഒരു ഒട്ടക അളവ് ذَٰلِكَ= (അത്രയും നേടുക)അത്

كَيْلٌ يَسِيرٌ= (എളുപ്പമാകുന്നു)ലഘുവായ അളവാകുന്നു قَالَ= (യഅ്ഖൂബ്) പറഞ്ഞു

لَنْ أُرْسِلَهُۥ= ഞാൻ അവനെ ഒരിക്കലും അയക്കുന്നതല്ല مَعَكُمْ= നിങ്ങളോടൊപ്പം

حَتَّىٰ تُؤْتُونِ= (തന്നാലല്ലാതെ)നിങ്ങൾ എനിക്ക് തരുന്നതുവരെ مَوْثِقًا= ഒരു ഉറപ്പ്, പ്രതിജ്ഞ, കരാർ مِّنَ ٱللَّهِ= (പേരി)നാൽ അല്ലാഹുവി(ന്റെ)

لَتَأْتُنَّنِى = എന്റെ അടുത്ത്(എത്തിക്കുമെന്നു)കൊണ്ടുവരിക തന്നെ ചെയ്യുമെന്ന് نിങ്ങൾ بِهِۦ= അവനെ

إِلَّآ أَن يُحَاطَ بِكُمْ ۖ= (ആർക്കും രക്ഷപ്പെടാനാവാത്ത വല്ലവിപത്തിലും അകപ്പെട്ടില്ലെങ്കിൽ)ഒഴിച്ച് നിങ്ങൾ വലയം ചെയ്യപ്പെടുന്നുവെങ്കിൽ

فَلَمَّآ ءَاتَوْهُ= അദ്ദേഹത്തിന് നൽകിയപ്പോൾ مَوْثِقَهُمْ= അവരുടെ(ആ) ഉറപ്പ്, കരാർ قَالَ= (ഓർമിപ്പിച്ചു)അദ്ദേഹം പറഞ്ഞു

ٱللَّهُ عَلَىٰ مَا نَقُولُ= അല്ലാഹു (ഈ) പറയുന്നതിന്മേൽ നമ്മൾ (നോക്കൂ) وَكِيلٌ= (സാക്ഷി ആകുന്നു)ഉത്തരവാദിത്വമേറ്റവൻ

وَقَالَ= അദ്ദേഹം പറഞ്ഞു (അനന്തരം യഅ്ഖൂബ് ഉപദേശിച്ചു) يَـٰبَنِىَّ= എന്റെ മക്കളേ

لَا تَدْخُلُوا۟= (എല്ലാവരും) പ്രവേശിക്കരുത് നിങ്ങൾ مِنۢ بَابٍ= വാതിലിലൂടെ وَٰحِدٍ= ഒറ്റ

وَٱدْخُلُوا۟= (ഓരോരുത്തരും) പ്രവേശിച്ചുകൊള്ളുക നിങ്ങൾ مِنْ أَبْوَٰبٍ= വാതിലുകളിലൂടെ مُّتَفَرِّقَةٍ ۖ= (വ്യത്യസ്ത) വേറെവേറെയായ

وَمَآ أُغْنِى عَنكُم مِّنَ ٱللَّهِ= (രക്ഷിക്കാൻ എനിക്കു കഴിയുന്നതല്ല) അല്ലാഹുവി(ന്റെ വിധിയി)ൽനിന്ന് ഞാൻ നിങ്ങളെ പര്യപ്തരാക്കുകയില്ല

مِن شَىْءٍ ۖ= (ഒട്ടും)യാതൊന്നിനാലും إِنِ ٱلْحُكْمُ= ഇല്ല ശാസനാധികാരം, വിധികർതൃത്വം

إِلَّا لِلَّهِ ۖ= (വിന്ന് മാത്രമുള്ളതാണല്ലോ)അല്ലാഹുവിന്നല്ലാതെ عَلَيْهِ= അവനിൽ (സർവതും) تَوَكَّلْتُ ۖ= ഞാൻ ഭരമേൽപിക്കുന്നു

وَعَلَيْهِ= അവനിൽതന്നെ فَلْيَتَوَكَّلِ ٱلْمُتَوَكِّلُونَ= ഭരമേൽപിക്കുന്ന(ക്കേണ്ട)വർ ഭരമേൽപിച്ചുകൊള്ളട്ടെ

وَلَمَّا دَخَلُوا۟= അവർ പ്രവേശിച്ചപ്പോൾ مِنْ حَيْثُ أَمَرَهُمْ= (ഉപദേശിച്ച പ്രകാരം)അവരോട് കൽപിച്ച സ്ഥിതിയിൽ أَبُوهُم= അവരുടെ പിതാവ്

مَّا كَانَ يُغْنِى عَنْهُم مِّنَ ٱللَّهِ مِن شَىْءٍ = (വിധിക്കെതിരെ അല്ലാഹു(വിന്റെ വിധിയി)ൽനിന്ന് അത് അവരെ പര്യാപ്തരാക്കുകയുണ്ടായില്ല

ആ ഉപദേശം ഒരു ഗുണവും ചെയ്തില്ല)

إِلَّا حَاجَةً= (ആശയം)അല്ലാതെ ഒരു ആവശ്യം فِى نَفْسِ يَعْقُوبَ = (ഉണർന്ന)യഅ്ഖൂബിന്റെ മനസ്സിൽ

قَضَىٰهَا= (എന്നുമാത്രം)അതിനെ അദ്ദേഹം നടപ്പിലാക്കി وَإِنَّهُۥ= തീർച്ചയായും അദ്ദേഹം لَذُو عِلْمٍ= അറിവുടയവൻ തന്നെയാകുന്നു

لِّمَا عَلَّمْنَـٰهُ= നാം അദ്ദേഹത്തെ പഠിപ്പിച്ചിട്ടുള്ളതിനാൽ وَلَـٰكِنَّ أَكْثَرَ ٱلنَّاسِ= (എന്നാൽ)പക്ഷേ അധിക ജനവും

لَا يَعْلَمُونَ= (അറിവില്ലാത്തവരാകുന്നു)അവർ അറിയുന്നില്ല

**65:** യാത്രാനുഭവങ്ങൾ വിവരിക്കുകയും ഭാവിയിൽ റേഷൻ അനുവദിക്കാൻ രാജാവ് ഉന്നയിച്ച നിബന്ധന പിതാവിനെ അറിയിക്കുകയും ചെയ്തശേഷം യഅ്ഖൂബ് പുത്രന്മാർ ഈജിപ്തിൽനിന്നു കൊണ്ടുവന്ന ഭാണ്ഡങ്ങൾ തുറന്നു. ധാന്യത്തിനു കൊടുത്ത വില സ്വന്തം ഭാണ്ഡങ്ങളിൽ തന്നെ കണ്ടപ്പോൾ രാജാവിന് തങ്ങളോട് ഏറെ പ്രീതിയുള്ളതായി മനസ്സിലാക്കി അവർ വളരെ സന്തുഷ്ടരായി. രാജപ്രീതിക്കു പുറമെ അടുത്ത തവണ റേഷൻ വാങ്ങാനുള്ള പണത്തെക്കുറിച്ചു ചിന്തിക്കേണ്ടതില്ലല്ലോ എന്ന വിചാരം ആ സന്തോഷത്തെ ഇരട്ടിപ്പിച്ചു. പിതാവിനോടവർ പറഞ്ഞു: റേഷൻ പൂർണമായി അനുവദിച്ചതിനു പുറമെ അതിന്റെ വില തിരിച്ചു തരികയും ചെയ്തിരിക്കുന്നു. ഇതിലപ്പുറം എന്തനുഗ്രഹമാണ് നമുക്ക് വേണ്ടത്?! مَا نَبْغِى ۖ യിലെ ما യെ ചോദ്യ സൂചകമായി എടുക്കുമ്പോഴാണ് ഈ അർഥം. ഇതിനെ നിഷേധ സൂചകമായും എടുക്കാവുന്നതാണ്. ഇതിലപ്പുറം ഒരാനുകൂല്യവും നമുക്കാവശ്യമില്ല എന്നാകും അപ്പോൾ അർഥം. ഞങ്ങൾ വീണ്ടും പോയി കുടുംബത്തിനാവശ്യമായ ഭക്ഷ്യ വിഭവങ്ങൾ കൊണ്ടുവരാം –نَمِيرُ أَهْلَنَا എന്നാണ് മൂലവാക്ക്. ميرة ൽ നിന്നുള്ള ക്രിയയായ مار യുടെ ഉത്തമപുരുഷ ഭാവികാല രൂപമാണ് نمير. ഭക്ഷ്യ വിഭവങ്ങളും മറ്റ് അവശ്യ സാധനങ്ങളും ശേഖരിക്കലാണ് ميرة. ഇംഗ്ലീഷിലെ 'പ്രൊവിഷന്' സമാനമാണീ പദം. അവർ പറയുന്നതിതാണ്: ധാന്യങ്ങൾക്കു വേണ്ടി കൊടുത്ത പണം തിരികെ കിട്ടിയിരിക്കുന്നതിനാൽ ഇനിയും പോയി അവശ്യവസ്തുക്കൾ ശേഖരിച്ചു വരുന്നതിന് യാതൊരു തടസ്സവുമില്ല; പിന്നെ ബിൻയാമിന്റെ കാര്യം, അവനെ ഞങ്ങൾ നോക്കി

ക്കൊള്ളാം. ഭാരം ചുമക്കാനുപയോഗിക്കുന്ന ഒട്ടകമാണ് بعير. ഭാരം വഹിക്കുന്ന കഴുതയെയും അപൂർവമായി بعير എന്നുപറയും. كَيْلَ بَعِيرٍ (ഒരൊട്ടകത്തിന്റെ അളവ്) കൊണ്ടുദ്ദേശ്യം ഒരൊട്ടകത്തിന് ചുമക്കാൻ കഴിയുന്നത്ര ധാന്യമാണ്. نَزْدَادُ كَيْلَ بَعِيرٍ എന്നവാക്യം ആളൊന്നുക്ക് ഒരൊട്ടകം ചുമക്കുന്നത്ര ധാന്യമായിരുന്നു മറുനാടുകളിൽ നിന്നെത്തുന്ന ആവശ്യക്കാർക്ക് യൂസുഫ്(അ) റേഷൻ അനുവദിച്ചിരുന്നത് എന്ന് സൂചിപ്പിക്കുന്നതായി ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

‘അതു ലഘുവായ അളവാകുന്നു’ എന്നാണ് ذَٰلِكَ كَيْلٌ يَسِيرٌ ന്റെ നേർ തർജമ. ഇതിനു രണ്ടു താൽപര്യമാവാം. ഒന്ന്, ബിൻയാമിൻ ഞങ്ങളുടെ കൂടെയുണ്ടെങ്കിൽ ഒരൊട്ടകം ചുമക്കുന്ന ധാന്യം കൂടുതൽ നേടുക വളരെ എളുപ്പമാണ്. രണ്ട്, വിലവാങ്ങാതെ നമുക്ക് റേഷൻ തന്ന ഈജിപ്ഷ്യൻ ഭരണാധികാരി അടുത്ത തവണ ഒരൊട്ടകച്ചുമട് കൂടുതൽ തരാൻ ഒട്ടും ക്ലേശിക്കുകയില്ല.

**66:** യഅ്ഖൂബ് നബിയുടെ ഈ പ്രസ്താവന, മുൻ സൂക്തത്തിൽ മക്കൾ പറഞ്ഞതിനു മറുപടിയായി അപ്പോൾ നടത്തിയതാവണമെന്നില്ല. ഈജിപ്തിൽനിന്ന് തിരിച്ചെത്തിയനാൾ മുതലേ, തുടർന്ന് റേഷൻ ലഭിക്കാൻ ബിൻയാമിനെ കൂടി അങ്ങോട്ടു കൊണ്ടു പോകേണ്ടതിനെക്കുറിച്ച് മക്കൾ അദ്ദേഹത്തോടു സംസാരിച്ചുകൊണ്ടിരുന്നു. ആദ്യഘട്ടത്തിൽ അദ്ദേഹം അതു ഒട്ടും സമ്മതിക്കാൻ തയാറായില്ല. ദിവസങ്ങൾ പിന്നിട്ടപ്പോൾ കൊണ്ടുവന്ന ഭക്ഷ്യധാന്യങ്ങൾ തീർന്നു. കുടുംബം വീണ്ടും പട്ടിണിയുടെ പിടിയിലമർന്നു. അപ്പോൾ പിതാവിന്റെ മേൽ പുത്രന്മാരുടെ സമ്മർദം മുറുകി. ബിൻയാമിനെ ഈജിപ്തിലേക്കു വിടുന്നില്ലെങ്കിൽ പട്ടിണി കിടന്ന് നരകിക്കുകയല്ലാതെ ഗത്യന്തരമില്ലെന്നു വന്നപ്പോൾ ഒരു ഉറച്ച കരാറിന്റെ പുറത്ത് അവനെ സഹോദരന്മാരോടൊപ്പം വിടാൻ അദ്ദേഹം സമ്മതിക്കുകയായിരുന്നു. ബിൻയാമിനെ കൊണ്ടുപോയതുപോലെ സുരക്ഷിതനായി തിരിച്ചുകൊണ്ടുവരുമെന്ന് അല്ലാഹുവിനെ മുൻനിർത്തി കരാർ ചെയ്യണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. സാധാരണ സത്യത്തെക്കാളും വാഗ്ദാനത്തെക്കാളും (اليمين والعهد) ബലിഷ്ടമായ കരാറാണ് ميثاق. ഈ പദത്തിന്റെ മറ്റൊരു രൂപമാണ് موثق. കരാറിനെ വിശേഷിപ്പിക്കുന്ന من الله യുടെ അർഥം ‘അല്ലാഹുവിങ്കൽനിന്നുള്ള’ എന്നാണ്. അല്ലാഹുവിങ്കൽനിന്ന് പുറപ്പെടുന്നതെന്നോണം ബലിഷ്ഠമായ, അല്ലെങ്കിൽ അല്ലാഹുവിനെ സാക്ഷിയാക്കിയുള്ള കരാറ് എന്നാണ് ഇവിടെ ഉദ്ദേശ്യം.

വളയപ്പെടുന്നു, വലയം ചെയ്യപ്പെടുന്നു എന്നാണ് يُحَاطَ യുടെ അർഥം. സൈന്യം എതിർ സൈന്യത്തെയോ പട്ടണത്തെയോ വളയുന്നതിന് إحاطة الجيش എന്നു പറയും. രക്ഷപ്പെടാൻ പഴുതില്ലാത്ത തരത്തിലുള്ള മഹാവിപത്തിലകപ്പെട്ടു എന്നാണ് أحيط به യുടെ പ്രയോഗാർഥം. ഇവിടെ യഅ്ഖൂബ് നബി ഉദ്ദേശിക്കുന്നതിതാണ്. യാത്രക്കിടയിൽ ആർക്കും രക്ഷപ്പെടാൻ കഴിയാത്ത വല്ല വിപത്തിലും പെട്ടുപോയെങ്കിൽ അത് അല്ലാഹുവിന്റെ വിധിയാണെന്ന് ഞാൻ സമാധാനിച്ചു കൊള്ളാം. പക്ഷേ, പണ്ട് യൂസുഫിന്റെ കാര്യത്തിലുണ്ടായതുപോലെ, ബിൻയാമിനു മാത്രം ആപത്തു പറ്റി എന്ന് പറഞ്ഞുകൊണ്ട് നിങ്ങൾ സുരക്ഷിതരായി തിരിച്ചു വന്നാൽ ഞാൻ സമ്മതിക്കില്ല.

ഒടുവിൽ പുത്രന്മാർ യഅ്ഖൂബ് നബിയോട് അപ്രകാരം പ്രതിജ്ഞ ചെയ്തു. ٱللَّهُ عَلَىٰ مَا نَقُولُ وَكِيلٌ എന്ന വാക്യം ഒരു താക്കീതാണ്. അല്ലാഹുവിനെ സാക്ഷിയാക്കിയാണ് നിങ്ങൾ എന്നോട് ഈ കരാർ ചെയ്തിട്ടുള്ളത്. നിങ്ങൾ അതു പാലിക്കുന്നുണ്ടോ എന്ന് അവൻ സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടിരിക്കുമെന്നും എന്നെ വഞ്ചിക്കാൻ കഴിഞ്ഞാലും അവനെ വഞ്ചിക്കാൻ ആർക്കും കഴിയില്ലെന്നും ഓർത്തിരിക്കുക.

**67:** മക്കളുടെ കാര്യത്തിൽ യഅ്ഖൂബ്(അ) വളരെ ഉൽകണ്ഠാകുലനായിരുന്നു. ക്ഷാമം കൊടികുത്തി വാഴുന്ന ചുറ്റുപാടിൽ പത്തുപതിനൊന്ന് യുവാക്കൾ കുറെ ചരക്കുമായി യാത്ര ചെയ്യുമ്പോൾ ആക്രമിക്കപ്പെടാനുള്ള സാധ്യത ഏറെയാണ്. ക്ഷാമകാലത്ത് കള്ളന്മാരും കൊള്ളക്കാരും നാട്ടിൽ വർധിക്കുക സ്വാഭാവികമാണല്ലോ. പണത്തിന്റെയും വിഭവങ്ങളുടെയും കേന്ദ്രമായ നഗരങ്ങളിലാണ് അവരും കേന്ദ്രീകരിക്കുക. തന്റെ മക്കൾ ചരക്കുകൾ വഹിക്കുന്ന വാഹനങ്ങളെയും തെളിച്ചുകൊണ്ട് കൂട്ടമായി നഗരത്തിൽ പ്രവേശിക്കുന്നത് കള്ളന്മാരുടെയും കൊള്ളക്കാരുടെയും ശ്രദ്ധയാകർഷിക്കാൻ കാരണമായേക്കുമെന്ന് അദ്ദേഹം ഭയപ്പെട്ടു. ഓരോരുത്തരും വ്യത്യസ്ത കവാടങ്ങളിലൂടെ ഒറ്റക്കൊറ്റക്ക് നഗരത്തിൽ കടക്കുകയാണെങ്കിൽ കള്ളന്മാരുടെ ശ്രദ്ധയിൽ പെടാനുള്ള സാധ്യത താരതമ്യേന കുറവാണ്. അഥവാ ആക്രമിക്കപ്പെട്ടാൽ തന്നെ എല്ലാവരും ഒരുമിച്ച് ആപത്തിലകപ്പെടുകയില്ല. ചിലരെങ്കിലും രക്ഷപ്പെടുമെന്നുറപ്പാണ്. പുരാതന കാലത്ത് നഗരങ്ങൾ പുറമെനിന്നുള്ള ആക്രമണങ്ങൾ തടയുന്നതിനുവേണ്ടി ചുറ്റും മതിൽ കെട്ടി ഭദ്രമാക്കുക സാധാരണയായിരുന്നു. നഗരഭിത്തിക്ക് നിശ്ചിത സ്ഥാനങ്ങളിൽ കവാടങ്ങളുണ്ടായിരിക്കും. ഈ കവാടങ്ങളിലൂടെ മാത്രമേ നഗരത്തിൽ പ്രവേശിക്കാനും പുറത്തു പോകാനും കഴിയൂ. ഇത്തരം നഗര കവാടങ്ങളെയാണ് യഅ്ഖൂബ് നബി ഇവിടെ സൂചിപ്പിക്കുന്നത്.

കൊള്ളക്കാരെയല്ല, അസൂയാലുക്കളുടെ കണ്ണേറിനെയാണ് യഅ്ഖൂബ് നബി ഭയപ്പെട്ടിരുന്നതെന്ന് ചില നിവേദനങ്ങളിൽ പരാമർശിക്കുന്നുണ്ട്. യഅ്ഖൂബ് പുത്രന്മാർ കാഴ്ചക്കാരിൽ അസൂയയുളവാക്കാൻ തക്കവണ്ണം അതിസുന്ദരന്മാരും ആരോഗ്യവാന്മാരുമായ യുവാക്കളായിരുന്നു. ‘കണ്ണേറ്’ ഒരു യാഥാർഥ്യമാണെന്ന് സ്ഥിരപ്പെട്ടിട്ടുണ്ടെങ്കിലേ യഅ്ഖൂബ് നബിയെപ്പോലെ വിജ്ഞനായ ഒരാൾ അതിനെ ഭയപ്പെട്ടു എന്നു കരുതാൻ ന്യായമുള്ളൂ. മക്കളുടെ സൗന്ദര്യവും ആരോഗ്യവും മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കാൻ പോന്നതാണെന്നും ആ ശ്രദ്ധ അവർക്ക് ആപത്തണച്ചേക്കുമെന്നും അദ്ദേഹം ഭയപ്പെട്ടുവെങ്കിൽ അത് സ്വാഭാവികമാണ്. സഞ്ചാരികളെയും മറ്റും പിടികൂടി അടിമകളാക്കി വിൽക്കുന്ന കാലവുമായിരുന്നുവല്ലോ അത്.

ഉപദേശത്തോടൊപ്പം അദ്ദേഹം അവരെ ഉണർത്തുകയും ചെയ്തു: എന്റെ അറിവും പരിചയവും വെച്ചു ചിന്തിച്ചപ്പോൾ നിങ്ങൾ കൈക്കൊള്ളേണ്ടതാവശ്യമാണെന്നു തോന്നിയ മുൻകരുതലാണിത്. പക്ഷേ, അല്ലാഹുവിന്റെ വിധി എതിരാണെങ്കിൽ അതിൽനിന്ന് നിങ്ങളെ രക്ഷപ്പെടുത്താൻ എനിക്കൊരിക്കലും സാധിക്കുകയില്ല. مَآ أُغْنِى عَنكُم مِّنَ ٱللَّهِ مِن شَىْءٍ എന്നാണ് മൂലവാക്യം. غناء ൽ നിന്നോ غنى യിൽ നിന്നോ നിഷ്പാദിതമായ إغناء ൽ നിന്നുള്ള ഉത്തമപുരുഷ വർത്തമാന ക്രിയാപദമാണ് أغنى. രണ്ടു മൂലങ്ങളുടെയും അർഥം അടിസ്ഥാനപരമായി ഒന്നാണെങ്കിലും സാധാരണ പ്രയോഗത്തിൽ غناء ആവശ്യത്തിന് മതിയാകലും പ്രശ്നം പരിഹരിക്കാൻ പ്രയോജനപ്പെടലും, غنى സമ്പന്നതയും സ്വയംപര്യാപ്തയുമാണ്. ഒരാൾ മറ്റൊരാൾക്ക് മതിയായ പകരമായി, അയാളുടെ സ്ഥാനത്തു നിന്നു എന്ന അർഥത്തിൽ أغني فلان عن فلان എന്നു പറയും.

إِنِ ٱلْحُكْمُ إِلَّا لِلَّهِ എന്ന വാക്യം ഈ സൂറയുടെ 40-ാം സൂക്തത്തിലും അതിനു മുമ്പ് സൂറ *അൻആം* 57-ാം സൂക്തത്തിലും വന്നിട്ടുള്ളതാണ്. വിശദീകരണം ആ സ്ഥലങ്ങളിൽ കാണുക.

ഇവിടെ ഈ വാക്യം പറയുന്നത് സൃഷ്ടികൾ അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നതിന്റെ –സർവവും സമർപ്പിക്കുന്നതിന്റെ ന്യായം എന്ന നിലയിലാണ്. കാര്യങ്ങൾ തീരുമാനിക്കാനും നടപ്പിലാക്കാനുമുള്ള പരമാധികാരം അല്ലാഹുവിന് മാത്രമാണ്. അതിനാൽ മനുഷ്യൻ അവന്റെ എല്ലാ കാര്യങ്ങളും അന്തിമമായി അല്ലാഹുവിൽ ഭരമേൽപിച്ചിരിക്കണം. കാര്യകാരണ നിയമമനുസരിച്ചുള്ള മാധ്യമങ്ങളും മാർഗങ്ങളും സ്വീകരിക്കുന്നത് ഈ സമർപ്പണത്തിന് എതിരാകുന്നില്ല. ആവശ്യങ്ങൾ നിവർത്തിക്കാൻ ഉചിതമായ മാർഗങ്ങളും മാധ്യമങ്ങളും അന്വേഷിക്കേണ്ടതും അവലംബിക്കേണ്ടതും മനുഷ്യ ധർമമാണ്. എല്ലാം അല്ലാഹുവിന്റെ വിധിപോലെ നടക്കും എന്നു കരുതി നിഷ്ക്രിയനായിരിക്കാൻ പാടില്ല. എന്നാൽ ആസൂത്രണം ചെയ്ത പരിപാടികളിലൂടെ മാത്രം തന്റെ ഉദ്ദേശ്യങ്ങളെല്ലാം നേടാൻ കഴിയുമെന്ന് അഹങ്കരിക്കുകയും ചെയ്തുകൂടാ. അല്ലാഹുവിന്റെ വിധിക്കു വിധേയമായി മാത്രമേ മനുഷ്യന്റെ പദ്ധതികൾ വിജയിക്കുകയുള്ളൂ. അല്ലാഹു നൽകിയ അറിവും കഴിവും ഉപയോഗിച്ച ശേഷം ഇനി അല്ലാഹുവിന്റെ വിധി തന്റെ ഉദ്ദേശ്യത്തോടെ ആവട്ടെ എന്നു പ്രാർഥിച്ചുകൊണ്ട് അവന്റെ കാരുണ്യത്തിൽ പ്രതീക്ഷയർപ്പിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. അതാണ് തവക്കുൽ.

**68:** യഅ്ഖൂബ് പുത്രന്മാർ പിതാവിന്റെ ഉപദേശ പ്രകാരം വ്യത്യസ്ത വാതിലുകളിലൂടെയായി മിസ്റിൽ പ്രവേശിച്ചു. പക്ഷേ, അല്ലാഹു അവർക്കുവേണ്ടി വിധിച്ചു വെച്ച പ്രതിസന്ധികളിൽനിന്ന് രക്ഷപ്പെടാൻ ആ പ്രവേശന രീതി ഒട്ടും സഹായകമാവുകയുണ്ടായില്ല. സ്വന്തം അറിവിന്റെയും പരിചയത്തിന്റെയും അടിസ്ഥാനത്തിൽ മക്കളുടെ സുരക്ഷക്ക് ആവശ്യമെന്ന് തോന്നിയ ഒരു കരുതൽ നടപടി ഉപദേശിച്ചതായിരുന്നു അദ്ദേഹം. അല്ലാഹുവിന്റെ വിധി മറിച്ചാണെങ്കിൽ എന്റെ ഉപദേശം നിങ്ങൾക്ക് പ്രയോജനമൊന്നും ചെയ്യില്ലെന്ന് അദ്ദേഹം നേരത്തെ തന്നെ മക്കളെ ഓർമിപ്പിച്ചിട്ടുണ്ടായിരുന്നു.

إِلَّا حَاجَةً........قَضَىٰهَا എന്ന വാക്യം ..........لاكن حاجة എന്ന അർഥത്തിലുള്ളതാണ്. ആവശ്യം അഥവാ വേണ്ടതെന്നു തോന്നുന്ന കാര്യമാണ് حاجة. മനസ്സിലുദിച്ച ഒരാശയം പ്രാവർത്തികമാക്കിയാൽ قضى حاجة فى نفسه എന്നു പറയും. ഈജിപ്ഷ്യൻ യാത്രയിൽ മക്കൾക്ക് നേരിട്ടേക്കാവുന്ന ആപത്തുകളെക്കുറിച്ച് മുന്നറിയിപ്പു നൽകാനുള്ള വ്യഗ്രതയായിരുന്നു യഅ്ഖൂബ് നബിയുടെ മനസ്സിലുണ്ടായിരുന്ന حاجة. പല വാതിലുകളിലൂടെ നഗരത്തിൽ പ്രവേശിക്കുക എന്ന ഉപദേശത്തിലൂടെ അദ്ദേഹം അത് നിറവേറ്റുകയായിരുന്നു.

യഅ്ഖൂബ് നബിയുടെ ഉപദേശം മക്കൾക്ക് ഗുണമൊന്നും ചെയ്തില്ലെങ്കിലും അതൊരു പാഴ്വേലയൊന്നുമായിരുന്നില്ല. ജ്ഞാനത്തെയും യുക്തിയെയും ആധാരമാക്കിയുള്ളതുതന്നെയായിരുന്നു ആ ഉപദേശം. യഅ്ഖൂബ് നല്ല വിജ്ഞനും ബുദ്ധിമാനുമായിരുന്നു. ഇവിടെ 'അല്ലാഹു പഠിപ്പിച്ചതിനാൽ' –لِّمَا عَلَّمْنَٰهُ എന്നു പറഞ്ഞത് അദ്ദേഹത്തിന്റെ ഉപദേശം അല്ലാഹു പഠിപ്പിച്ച ജ്ഞാനത്തിന്റെ വെളിച്ചത്തിൽ തന്നെയായിരുന്നുവെന്ന് വ്യക്തമാക്കുന്നു. സാഹചര്യങ്ങളും സന്ദർഭങ്ങളും ഗൗരവപൂർവം വിലയിരുത്താനും ഉചിതമായ മുൻകരുതലുകളെടുക്കാനുമുള്ള കഴിവ് അല്ലാഹു അദ്ദേഹത്തിനരുളിയിരുന്നു. അത് ഉപയോഗപ്പെടുത്തേണ്ടത് അദ്ദേഹത്തിന്റെ ബാധ്യതയുമായിരുന്നു. ചില സന്ദർഭങ്ങളിൽ അല്ലാഹുവിന്റെ തീരുമാനം മനുഷ്യന്റെ എല്ലാ കണക്കുകൂട്ടലുകൾക്കും അപ്പുറമായിരിക്കും. അതിനർഥം മനുഷ്യൻ കാര്യങ്ങൾ വിലയിരുത്തുകയും ആസൂത്രണം ചെയ്യുകയും വേണ്ട എന്നല്ല. തന്റെ കണക്കുകൂട്ടലുകളനുസരിച്ച് സംഭവങ്ങൾ പരിണമിച്ചില്ലെങ്കിൽ നിരാശപ്പെടേണ്ടതില്ല എന്നാണ്. പക്ഷേ, അധികമാളുകളും ഈ യാഥാർഥ്യം മനസ്സിലാക്കുന്നില്ല. ചിലർ തങ്ങളുടെ ബുദ്ധിവൈഭവത്തിനും ആസൂത്രണ പാടവത്തിനും പരിഹരിക്കാനാവാത്ത പ്രശ്നങ്ങളൊന്നുമില്ലെന്നഹങ്കരിക്കുന്നു. ചിലരാവട്ടെ തങ്ങളുടെ ആസൂത്രണം കൊണ്ടും പ്രവർത്തനം കൊണ്ടുമൊന്നും ഒരു കാര്യവുമില്ല, എല്ലാം അല്ലാഹുവിന്റെ വിധിപോലെ നടക്കും എന്നും കരുതി നിഷ്ക്രിയരാകുന്നു.

കാര്യങ്ങൾ ബുദ്ധിപൂർവം മനസ്സിലാക്കി പ്രവർത്തന പദ്ധതി ആസൂത്രണം ചെയ്യുന്നത് വിധിയോടുള്ള വെല്ലുവിളിയല്ല. വിധിയുമായി സന്ധിക്കാനുള്ള മനുഷ്യന്റെ പരിശ്രമമാണ്. ആ പരിശ്രമം ചിലപ്പോൾ വിജയിച്ചില്ലെന്നുവരും. അല്ലാഹുവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പലപ്പോഴും മനുഷ്യന് അപ്രാപ്യമായിരിക്കും. എങ്കിലും സ്വന്തം യുക്തി ബോധവും പ്രവർത്തന ശേഷിയും പ്രയോജനപ്പെടുത്താൻ അല്ലാഹു മനുഷ്യരോടു കൽപിച്ചിരിക്കുന്നു. ഒരിക്കൽ ഉമർ(റ) സ്വീകരിച്ച ഒരു നിലപാട് ഈ ആശയം ഏറെ സ്പഷ്ടമാക്കുന്നതാണ്. അംവാസ് എന്ന സ്ഥലത്ത് കോളറ പടർന്നു പിടിച്ചതായി വിവരം ലഭിച്ചപ്പോൾ, അബൂ ഉബൈദയുടെ നേതൃത്വത്തിൽ അവിടെയുണ്ടായിരുന്ന മുസ്ലിം സൈന്യത്തോട് തിരിച്ചു പോരാൻ ഖലീഫ ഉമർ(റ) കൽപിച്ചു. "അല്ലാഹുവിന്റെ വിധിയിൽനിന്ന് ഓടി രക്ഷപ്പെടാൻ ശ്രമിക്കുകയോ?!" എന്നായിരുന്നു അബൂ ഉബൈദഃയുടെ പ്രതികരണം. ഉമർ അദ്ദേഹത്തോടു പറഞ്ഞു: "ഓ അബൂ ഉബൈദ, താങ്കളെപ്പോലൊരാൾ ഇങ്ങനെ സംസാരിച്ചുകൂടാത്തതാണ്. അല്ലാഹുവിന്റെ വിധിയിൽനിന്ന് അവന്റെ വിധിയിലേക്കു തന്നെയല്ലേ നാം ഓടിപ്പോകുന്നത്?" ■